"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്- തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ മണക്കാട്-വലിയതുറ റോഡ് (1/250-2/550) , ബീമാപ്പള്ളി-വലിയതുറ റോഡ് (0/000 to 1/290) വലിയതുറ -എയർ പോർട്ട് റോഡ് (0/000-2/000)- പുനരുദ്ധാരണ പ്രവർത്തി - ഏക ദർഘാസ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.11/2025/PWD തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:- 1. സ.ഉ (പി) നം. 54/2019/ പൊമവ തീയതി 04/05/2019

2. സ.ഉ(സാ.ധാ)നം. 1261/2022/ പൊമവ തീയതി 27/12/2022

3. ചീഫ് എഞ്ചിനീയർ നിരത്തുകൾ വിഭാഗം 18/9/2024 തീയതി സമർപ്പിച്ച CEPWD/ 16902/2024-DB1(NAB)-RD നമ്പർ ശിപാർശ

**<u>ഉത്തരവ്</u>**

1) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ മണക്കാട്-വലിയതുറ റോഡ് (1/250-2/550) , ബീമാപ്പള്ളി-വലിയതുറ റോഡ് (0/000 to 1/290) വലിയതുറ -എയർ പോർട്ട് റോഡ് (0/000-2/000)- പുനരുദ്ധാരണ പ്രവർത്തിയ്ക്ക് നാബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചേ - 28 ൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം 765.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് ഇതേ തുകയ്ക്ക് തന്നെ ചീഫ് എഞ്ചിനീയർ 30/1/2023 തീയതി സാങ്കേതികാനുമതിയും നൽകിയിരുന്നു.

4) മേൽ പ്രവൃത്തിയ്ക്കായി 5 തവണ ദർഘാസ് വിളിച്ചെങ്കിലും തണുത്ത പ്രതികരണമേ ഉണ്ടായുള്ളു എന്നും നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത പ്രവർത്തി ഭരണാനുമതി ലഭിച്ച് 18 മാസം കഴിഞ്ഞിട്ടും ആരംഭിക്കാത്ത പ്രവൃത്തികളുടെ ലിസ്റ്റിൽ നബാർഡ് ഉൾപ്പെടുത്തിയതിനാൽ അടിയന്തിരമായി പ്രവൃത്തി ആരംഭിയ്ക്കേണ്ടതുണ്ടെന്നും അല്ലാത്ത പക്ഷം ഫണ്ട് ലാപ്സാകുമെന്നതും പരിഗണിച്ച് മണക്കാട്-വലിയതുറ റോഡ് (1/250-2/550) , ബീമാപ്പള്ളി-വലിയതുറ റോഡ് (0/000 to 1/290) വലിയതുറ -എയർ പോർട്ട് റോഡ് (0/000-2/000)- പുനരുദ്ധാരണ പ്രവ്യത്തിക്ക് M/s ശ്രീധന്യ

കൺസ്ട്രക്ഷൻ കമ്പനി ക്വോട്ട് ചെയ്ത 8,30,41,042.53 രൂപയുടെ ഏക ദർഘാസ് അംഗീകരിച്ച് ഉത്തരവാകണമെന്നും ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തു.

3) ക്വോട്ട് ചെയ്ത നിരക്കിന്റെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| എസ്റ്റിമേറ്റ് പി.എ.സി | 6,48,19,932 |
| ക്വോട്ടഡ് പി.എ.സി (എസ്റ്റിമേറ്റ് പി.എ.സിയേക്കാൾ 28.11% അധികം) | 8,30,41,042.53 |
| എൽ.എം.ആർ തുക (എസ്റ്റിമേറ്റ് പി.എ.സിയേക്കാൾ 33.75 % അധികം) | 8,66,95,922.56 |
| കറന്റ് എസ്.ഒ.ആർ+10% (എസ്റ്റിമേറ്റ് പി.എ.സിയേക്കാൾ 7.94 % അധികം | 6,99,66,899.19 |

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നബാർഡ് ട്രാഞ്ചേ-28-ൽ ഉൾപ്പെടുത്തി 27.12.2022-ൽ ഭരണാനുമതി നല്കിയ പ്രവർത്തി, നിലവിൽ അഞ്ചു തവണ ടെൻഡർ ചെയ്തു കഴിഞ്ഞു. പ്രവർത്തി വീണ്ടും ടെൻഡർ ചെയ്താൽ ഇതിലും ഉയർന്ന റേറ്റ് ക്വോട്ട് ചെയ്യാനേ സാധ്യതയുള്ളൂ എന്നതും, തിരുവനന്തപുരം നഗരത്തിലെ പ്രധാനപ്പെട്ടതും എയർപോർട്ട് കണക്ടിവിറ്റിയുമായ പ്രസ്തുത റോഡ് ഭരണാനുമതി ലഭിച്ച് രണ്ടു വർഷം കഴിഞ്ഞിട്ടും പ്രവർത്തി നടപ്പിലാക്കാൻ കഴിയാതിരുന്നതിനെ തുടർന്ന് മോശം അവസ്ഥയിൽ എത്തിയിട്ടുണ്ട് എന്നതും കണക്കിലെടുത്ത് തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ മണക്കാട്-വലിയതുറ റോഡ് (1/250-2/550) , ബീമാപ്പള്ളി-വലിയതുറ റോഡ് (0/000 to 1/290) വലിയതുറ - എയർ പോർട്ട് റോഡ് (0/000-2/000)- പുനരുദ്ധാരണ പ്രവൃത്തി , നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത പ്രവർത്തി ഭരണാനുമതി ലഭിച്ച് 18 മാസം കഴിഞ്ഞിട്ടും ആരംഭിക്കാത്ത പ്രവർത്തികളുടെ ലിസ്റ്റിൽ നബാർഡ് ഉൾപ്പെടുത്തിയതിനാൽ അടിയന്തിരമായി പ്രവർത്തി ആരംഭിക്കാത്ത പക്ഷം ഫണ്ട് ലാപ്സാകുമെന്നതും പരിഗണിച്ച് ഈ പ്രവർത്തിക്ക് എസ്ററിമേറ്റ് പി.എ.സിയേക്കാൾ 28.11 % , നിലവിലുള്ള SoR+10% എന്നതിനേക്കാൾ 7.94% എന്നിങ്ങനെ അധികരിച്ച് M/s ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി ക്വോട്ട് ചെയ്ത 8,30,41,042.53 രൂപയുടെ ഏക ദർഘാസ് പരാമർശം (1) ഉത്തരവിലെ നിബന്ധനകളിന്മേൽ ഇളവ് നൽകി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

1) ചീഫ് എഞ്ചിനീയർ, നിരത്തുകൾ വിഭാഗം, തിരുവനന്തപുരം
2) ധനകാര്യ (എൻ.സി-എ) വകുപ്പ് (2922366/NC-A3/53/2024-FIN)
3) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം.2738 തീയതി 19/02/2025)
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4) ഇൻഫർമേഷൻ &പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ) വകുപ്പ്
5) കരുതൽ ഫയൽ/ഓഫീസ് കോപ്പി (എച്ച്2/188/2024/പൊമവ)

ഉത്തരവിൻ പ്രകാരം

Signed by
Savitha o d
Date: 25-02-2025 11:21:15

സെക്ഷൻ ഓഫീസർ

പകർപ്പ്-
1) ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്
2) പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ സി.എ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-02-2025

ഫയൽ നം. പി.ഡബ്ല്യു.ഡി.-എച്ച്2/188/2024-പി.ഡബ്ല്യു.ഡി ഇനം നം: 2738

വിഷയം : പൊതുമരാമത്ത് വകുപ്പ് - നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ മണക്കാട്-വലിയതുറ റോഡ് (1/250-2/550), ബീമാപ്പള്ളി-വലിയതുറ റോഡ് (0/000 to 1/290) വലിയതുറ-എയർപോർട്ട് റോഡ് (0/000 - 2/000) - പുനരുദ്ധാരണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പി.എ.സി.യേക്കാൾ 28.11% നിലവിലുള്ള SoR+10% എന്നതിനേക്കാൾ 7.94% എന്നിങ്ങനെ അധികരിച്ച് M/s. ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി ക്വോട്ട് ചെയ്ത 8,30,41,042.53 രൂപയുടെ ഏക ദർഘാസ് അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

2738

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | പി.ഡബ്ള്യൂഡി-എച്ച്2/188/2024-പി.ഡബ്ള്യൂഡി |
| 2. | വകുപ്പ് | പൊതുമരാമത്ത് (എച്ച്) വകുപ്പ് |
| 3. | വിഷയം | നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ മണക്കാട്-വലിയതുറ റോഡ് (1/250-2/550) , ഭീമാപ്പള്ളി-വലിയതുറ റോഡ് (0/000 to 1/290) വലിയതുറ -എയർ പോർട്ട് റോഡ് (0/000-2/000)- പുനരുദ്ധാരണ പ്രവൃത്തിക്ക് എസ്റ്ററിമേറ്റ് പി.എ.സിയേക്കാൾ 28.11 % നിലവിലുള്ള SoR+10% എന്നതിനേക്കാൾ 7.94% എന്നിങ്ങനെ അധികരിച്ച് M/S ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി ക്വോട്ട് ചെയ്ത 8,30,41,042.53 രൂപയുടെ ഏക ദർഘാസ് അംഗീകരിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10.02.2025 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതേ<br>ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല<br>ബാധകമല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഷിബു എ. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. ബിജു കെ. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.02.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 18.02.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18.02.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18.02.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 19/2/2025 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | സ.ഉ(കൈ) നം. 11/2025/PWD<br>തീയതി 24/2/2025 |

## മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ മണക്കാട്-വലിയതുറ റോഡ് (1/250-2/550) , ഭീമാപ്പള്ളി-വലിയതുറ റോഡ് (0/000 to 1/290) വലിയതുറ -എയർ പോർട്ട് റോഡ് (0/000-2/000)- പുനരുദ്ധാരണ പ്രവൃത്തിക്ക് എസ്ററിമേറ്റ് പി.എ.സിയേക്കാൾ 28.11 % അധികരിച്ച് M/s ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി ക്വാട്ട് ചെയ്ത 8,30,41,042.53 രൂപയുടെ ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്

2. 27/12/2022 ലെ സ.ഉ (സാ.ധാ) നം. 1261/2022/ പൊമവ പ്രകാരം നബാർഡ് (ട്രാഞ്ചേ-28) ധനസഹായത്തോടെ നടപ്പാക്കുന്ന മണക്കാട്-വലിയതുറ റോഡ് (1/250-2/550) , ഭീമാപ്പള്ളി-വലിയതുറ റോഡ് (0/000 to 1/290) വലിയതുറ -എയർ പോർട്ട് റോഡ് (0/000-2/000)- പുനരുദ്ധാരണ പ്രവൃത്തിക്ക് 765.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇതേ തുകയ്ക്ക് തന്നെ 30/1/2023 തീയതി ടി പദ്ധതിയ്ക്ക് സാങ്കേതികാനുമതിയും നൽകിയിരുന്നു.

3. എന്നാൽ പ്രസ്തുത പ്രവർത്തിയ്ക്ക് 4 തവണ ദർഘാസ് ക്ഷണിച്ചെങ്കിലും വിവിധ കാരണങ്ങളാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചില്ല. ആദ്യ തവണ ഒരു ദർഘാസ് മാത്രം ലഭിച്ച സാഹചര്യത്തിൽ പ്രവൃത്തി റീ ടെണ്ടർ ചെയ്തു. പുനഃ ദർഘാസിൽ പങ്കെടുത്തത് M/s തോപ്പിൽ ഇൻഫ്രാസ്ട്രക്ച്ചർ എന്ന കമ്പനി മാത്രമാണ്. പ്രസ്തുത കമ്പനി ക്വാട്ട് ചെയ്ത 7,74,29,879 രൂപ എസ്റ്റിമേറ്റഡ് പി.എ.സി ആയ 6,48,19,932 രൂപയേക്കാൾ 19.45% അധികമായിരുന്നു. ലേലക്കാരനുമായി *നെഗോഷ്യേറ്റ്* ചെയ്തെങ്കിലും തുക കുറയ്ക്കാൻ പ്രസ്തുത കമ്പനി തയ്യാറായില്ല. അത്

കൊണ്ട് പ്രവൃത്തി റീ ടെണ്ടർ ചെയ്തു. മൂന്നാം തവണ ടെണ്ടർ വിളിച്ചെങ്കിലും ഒരു പ്രതികരണവുമുണ്ടായില്ല. നാലാം തവണയും M/s തോപ്പിൽ ഇൻഫ്രാസ്ട്രക്ചർ എന്ന കമ്പനി മാത്രമാണ് ലേലത്തിൽ പങ്കെടുത്തത്. എസ്റ്റിമേറ്റഡ് പി.എ.സി യേക്കാൾ 19.45 % അധികമായി 7,74,29,879 രൂപ വീണ്ടും ക്വോട്ട് ചെയ്ത പ്രസ്തുത കമ്പനിയുമായി നെഗോഷ്യേറ്റ് ചെയ്തെങ്കിലും നിരക്ക് കുറയ്ക്കാൻ തയ്യാറായില്ല. ആയതിനാൽ എസ്റ്റിമേറ്റ് റീ വർക്ക് ചെയ്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കുവാൻ ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചെങ്കിലും, മേൽ പ്രവൃത്തി അനുമതി ലഭിച്ചിട്ടും ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവർത്തികളുടെ (PYG) ലിസ്റ്റിൽ നബാർഡ് പെടുത്തിയതിനാൽ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ആദ്യത്തെ സാങ്കേതികാനുമതി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുവാൻ പിന്നീട് നിർദ്ദേശം നൽകി. അപ്രകാരം പ്രസ്തുത പ്രവൃത്തി അഞ്ചാമതും ടെണ്ടർ ചെയ്തു. 5-ാമത്തെ തവണ M/s ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി മാത്രമാണ് ലേലത്തിൽ പങ്കെടുത്തത്. 8,30,41,042.53 രൂപയാണ് പ്രസ്തുത കമ്പനി ക്വാട്ട് ചെയ്തത്. ഈ തുക എസ്റ്ററിമേറ്റ് പി.എ.സിയേക്കാൾ 28.11 % അധികമാണ്. നെഗോഷ്യേറ്റ് ചെയ്തെങ്കിലും ക്വാട്ട് ചെയ്ത നിരക്ക് കുറയ്ക്കാൻ കമ്പനി തയ്യാറായില്ല.

ക്വാട്ട് ചെയ്ത നിരക്കിന്റെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| എസ്റ്റിമേറ്റ് പി.എ.സി | 6,48,19,932 |
| ക്വോട്ടഡ് പി.എ.സി | |
| (എസ്റ്റിമേറ്റ് പി.എ.സിയേക്കാൾ 28.11% അധികം) | 8,30,41,042.53 |

എൽ.എം.ആർ തുക

(എസ്റ്റിമേറ്റ് പി.എ.സിയേക്കാൾ 33.75 % അധികം) 8,66,95,922.56

കറന്റ് എസ്.ഒ.ആർ+10%

(എസ്റ്റിമേറ്റ് പി.എ.സിയേക്കാൾ 7.94 % അധികം) 6,99,66,899.19

4. മേൽ പ്രവൃത്തിയ്ക്കായി 5 തവണ ദർഘാസ് വിളിച്ചെങ്കിലും തണുത്ത പ്രതികരണമേ ഉണ്ടായുള്ളൂ. 5-ാമത്തെ തവണയും M/s ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി മാത്രമാണ് ലേലത്തിൽ പങ്കെടുത്തത്.എസ്റ്റിമേറ്റ് പി.എ.സിയേക്കാൾ 28.11 % അധിക നിരക്കിലാണ് കരാറുകാരൻ ടെണ്ടർ സമർപ്പിച്ചത് . കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്തെങ്കിലും നിരക്ക് കുറയ്ക്കാൻ തയ്യാറായില്ല. നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത പ്രവർത്തി ഭരണാനുമതി ലഭിച്ച് 18 മാസം കഴിഞ്ഞിട്ടും ആരംഭിക്കാത്ത പ്രവൃത്തികളുടെ ലിസ്റ്റിൽ നബാർഡ് ഉൾപ്പെടുത്തിയതിനാൽ അടിയന്തിരമായി പ്രവൃത്തി ആരംഭിയ്ക്കേണ്ടതുണ്ടെന്നും അല്ലാത്ത പക്ഷം ഫണ്ട് ലാപ്സാകുമെന്നതിനാൽ മണക്കാട്-വലിയതുറ റോഡ് (1/250-2/550) , ഭീമാപ്പള്ളി-വലിയതുറ റോഡ് (0/000 to 1/290) വലിയതുറ -എയർ പോർട്ട് റോഡ് (0/000-2/000)- പുനരുദ്ധാരണ പ്രവൃത്തിക്ക് M/s ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി ക്വാട്ട് ചെയ്ത 8,30,41,042.53 രൂപയുടെ ഏക ദർഘാസ് അംഗീകരിച്ച് ഉത്തരവാകണമെന്നും ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തു.

5. മേൽ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"The Administrative department is requested to identify the source of fund for the additional financial requirement over and above the amount sanctioned under RIDF; and then to place the proposal before the Cabinet of Ministers with clear justification of the escalation."*

6. നബാർഡ് Tranche-28-ൽ ഉൾപ്പെടുത്തി 27.12.2022-ൽ ഭരണാനുമതി കിട്ടിയ പ്രവർത്തി, നിലവിൽ അഞ്ചു തവണ ടെൻഡർ ചെയ്തു കഴിഞ്ഞു. 1, 2, 4, 5 ടെൻഡറുകളിൽ ഒരാൾ വീതം മാത്രമാണ് പങ്കെടുത്തത്, മൂന്നാമത്തെ ടെൻഡറിൽ ആരുംതന്നെ പങ്കെടുത്തില്ല. തിരുവനന്തപുരം നഗരത്തിലെ പ്രധാനപ്പെട്ട റോഡും എയർപോർട്ട് കണക്ടിവിറ്റിയുമായ പ്രധാനപ്പെട്ട റോഡാണിത്. ഭരണാനുമതി ലഭിച്ച് രണ്ടുവർഷം കഴിഞ്ഞിട്ടും പ്രവർത്തി നടപ്പിലാക്കാൻ കഴിയാതിരുന്നതിനാൽ റോഡ് മോശം അവസ്ഥയിൽ എത്തിയിട്ടുണ്ട്. എയർപോർട്ട് കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട റോഡ് ആയതിനാൽ നിരവധി വാഹനങ്ങൾ അനുദിനം സഞ്ചരിക്കുന്ന റോഡിൻറെ മോശം അവസ്ഥ അപകടങ്ങൾക്കു കാരണമാകും. ഈ സാഹചര്യത്തിൽ പ്രവർത്തി അടിയന്തരമായി നടപ്പിലാക്കേണ്ടതുണ്ട്. RIDF-ൽ ഉൾപ്പെട്ട പദ്ധതികളുടെ അഡീഷണൽ ഫണ്ട് "5054-04-337-94-00-16-PV" എന്ന ശീർഷകത്തിൽനിന്നാണ് വഹിക്കുന്നതെന്നു ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്താൽ ഇതിലും ഉയർന്ന റേറ്റ് ക്വോട്ട് ചെയ്യാനേ സാധ്യതയുള്ളൂ. പ്രവർത്തി നടത്തിപ്പിന്റെ അടിയന്തര സാഹചര്യം പരിഗണിച്ച്, എസ്റ്റിമേറ്റ് റേറ്റിനെക്കാളും 28.11 % അധികമുള്ള ടെൻഡർ

ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ അംഗീകാരത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്ന വിഷയം സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു. പൊതുമരാമത്ത് മന്ത്രി മുഖാന്തിരം ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭ മുൻപാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ മണക്കാട്-വലിയതുറ റോഡ് (1/250-2/550) , ഭീമാപ്പള്ളി-വലിയതുറ റോഡ് (0/000 to 1/290), വലിയതുറ -എയർ പോർട്ട് റോഡ് (0/000-2/000)- പുനരുദ്ധാരണ പ്രവൃത്തി റോഡിന്റെ മോശം അവസ്ഥ കണക്കിലെടുത്തും നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത പ്രവർത്തി ഭരണാനുമതി ലഭിച്ച് 18 മാസം കഴിഞ്ഞിട്ടും ആരംഭിക്കാത്ത പ്രവൃത്തികളുടെ ലിസ്റ്റിൽ നബാർഡ് ഉൾപ്പെടുത്തിയതിനാൽ അടിയന്തിരമായി പ്രവൃത്തി ആരംഭിയ്ക്കേണ്ടതുള്ളതിനാലും അല്ലാത്ത പക്ഷം ഫണ്ട് ലാപ്സാകുമെന്നതും പരിഗണിച്ച് ഈ പ്രവൃത്തിക്ക് എസ്ററിമേറ്റ് പി.എ.സിയേക്കാൾ 28.11 %, നിലവിലുള്ള SoR+10% എന്നതിനേക്കാൾ 7.94% എന്നിങ്ങനെ അധികരിച്ച് M/s ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി ക്വോട്ട് ചെയ്ത 8,30,41,042.53 രൂപയുടെ ഏക ദർഘാസ് 04.05.2019 ലെ സ.ഉ(പി) നം. 54/2019/ധന നമ്പർ ഉത്തരവിലെ നിബന്ധനകളിന്മേൽ ഇളവ് നൽകി അംഗീകരിക്കാമോ?